**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 919** — **29/09/2011-ൽ മറുപടിക്ക്**

**സ്കൂൾ പാഠപുസ്തക നിർമ്മാണം**

| **ചോദ്യം**<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ : | | **ഉത്തരം**<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | 2009-2010, 2010-2011 അക്കാദമിക് വർഷങ്ങളിൽ എസ്.സി.ഇ.ആർ.ടി.യിൽ സ്കൂൾ പാഠപുസ്തക നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര സമിതികൾ ഉണ്ടായിരുന്നുവെന്നും ആ സമിതികളിൽ അംഗങ്ങളായിരുന്നവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ; | എ) | 2009-2010, 2010-2011 അക്കാദമിക് വർഷങ്ങളിൽ സ്കൂൾ പാഠപുസ്തക നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോ സമിതികൾ രൂപീകരിച്ചിരുന്നു. ആകെ 14 സമിതികൾ. ഓരോ വിഷയവുമായി ബന്ധപ്പെട്ട സമിതികളിൽ അംഗങ്ങളായിരുന്നവരുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | 2010-2011 അക്കാദമിക് വർഷത്തിൽ പത്താം ക്ലാസ്സിലെ മലയാള പാഠപുസ്തക നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര ശില്പശാലകൾ നടത്തിയിട്ടുണ്ട്; | (ബി) | അഞ്ച് ശില്പശാലകൾ നടത്തിയിട്ടുണ്ട്. |
| സി) | പത്താം ക്ലാസിലെ മലയാള പാഠപുസ്തക നിർമ്മാണത്തിനു വേണ്ടി നടത്തിയ ശില്പ ശാലകളിൽ നിന്ന് പ്രസ്തുത സമിതിയംഗങ്ങളായ ഒരു സംഘം അധ്യാപകരെ മാറ്റി നിറുത്തിക്കൊണ്ട് പാഠപുസ്തകം പരിഷ്ക്കരിച്ചതിനെക്കുറിച്ച ന്വേഷിക്കാമോ; ഇത് സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ അന്ന് എസ്.സി.ഇ.ആർ.ടി. നടപടി സ്വീകരിക്കാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ? | സി) | പാഠപുസ്തക നിർമ്മാണത്തിനായി രൂപീകരിച്ച സമിതിയിലെ ആരെയും ഈ ശില്പശാലകളിൽ നിന്ന് പുറത്താക്കുകയോ ഒഴിവാക്കുകയോ ചെയ്തിട്ടില്ല. അത്തരത്തിൽ ഒരു പരാതിയും എസ്.സി.ഇ.ആർ.ടീക്ക് ലഭിച്ചിട്ടില്ല. എന്നാൽ ശില്പശാലകൾ പൂർത്തിയായി കഴിഞ്ഞശേഷം വിദഗ്ദ്ധരുടെ പരിശോധനകൾ നടക്കുന്ന ഘട്ടത്തിൽ ചില അംഗങ്ങൾ സമിതിയിൽ നിന്ന് രാജി വച്ചതായി പ്രസ്താവന നടത്തുകയും പുസ്തകത്തിൽ പേരു ചേർക്കരുതെന്ന് ആവശ്യപ്പെട്ട് ഡയറക്ടർക്ക് കത്തു നൽകുകയും ചെയ്തിട്ടുണ്ട്. പാഠപുസ്തക സമിതിയിൽ ഉൾപ്പെടുത്തിയിരുന്ന അഞ്ചുപേരുടെ പേരു വിവരം അവരുടെ ആവശ്യപ്രകാരം പുസ്തകത്തിൽ അച്ചടിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.